കോംപ്ലക്സുകളുടെ പ്രവർത്തനം ആരംഭിച്ചു. കാട്ടാക്കട, തിരുവല്ല, തിരുവനന്തപുരം സെൻട്രൽ എന്നിവിടങ്ങളിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി അന്തിമ ഘട്ടത്തിലാണ്.

ടയർ, ടയർ റീ-ട്രെഡിംഗ് മെറ്റീരിയൽസ് എന്നിവയുടെ ഉപയോഗം അവലോകനം ചെയ്ത് നിയന്ത്രണം ഏർപ്പെടുത്തുകയും മെച്ചപ്പെട്ട റീ-ട്രെഡിംഗ് മെറ്റീരിയൽസ് വാങ്ങുകവഴി മെച്ചപ്പെട്ട ടയർ ലൈഫ് നേടാൻ കഴിഞ്ഞിട്ടുണ്ട്.

ടിക്കറ്റില്ലാതെ യാത്രചെയ്യുന്നത് തടയുന്നതിലേക്കായി സർപ്രൈസ് ചെക്കിംഗ് വ്യാപകമായി ഏർപ്പെടുത്തിയിട്ടുണ്ട്. ആയതുവഴി വരുമാനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. കൂടാതെ 2010-11 കാലഘട്ടത്തെ ശബരിമല ഉത്സവകാലത്ത് ശബരിമല സ്പെഷ്യൽ സർവ്വീസുകൾ കാര്യക്ഷമമായി നടത്തിയതിനാൽ ടി കാലയളവിൽ വരുമാനത്തിൽ ഗണ്യമായ വർദ്ധനവും ഉണ്ടായി.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് ഈ സാമ്പത്തികവർഷം മൂലധന ഇനത്തിൽ 42 കോടി രൂപ വകയിരുത്തിയതിൽ 40.67 രൂപയ്ക്ക് ഭരണാനുമതി നൽകുകയും നാലുതവണകളായി 30 കോടി രൂപയും നാളിതുവരെ അനുവദിച്ച് നൽകിയിട്ടുമുണ്ട്. പ്രവർത്തന മൂലധനമായി വായ്പയിനത്തിൽ 90 കോടി രൂപയും നാളിതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) 31-3-2008 കാലയളവുവരെ സംസ്ഥാന സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പായിനത്തിൽ അനുവദിച്ച 250.38 കോടി രൂപ ഇക്വിറ്റിയായി മാറ്റുകയും ടി വായ്പയുടെ പലിശയും പിഴപ്പലിശ ഇനത്തിൽ സർക്കാരിന് അടയ്ക്കുവാനുണ്ടായിരുന്ന 197.39 കോടി രൂപയും മോട്ടോർ വാഹന നികുതി ഇനത്തിൽ 31-3-2008 വരെ സർക്കാരിന് നൽകാനുണ്ടായിരുന്ന 622.83 കോടി രൂപയും ഗവൺമെന്റ് ഉത്തരവ് (എം.എസ്.) 71/2009/ഗതാഗതം. തീയതി, 14-12-2009 പ്രകാരം എഴുതിത്തള്ളി.

(ഡി) നിലവിൽ പുതിയ നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും നിയമനം

156 (606) ശ്രീ.റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കണ്ടക്ടർമാരെയും ഡ്രൈവർമാരെയും കെ.എസ്.ആർ.ടി.സി. നിയമിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ഡിപ്പോകളിൽ എത്രവീതം ആളുകളെ ഇപ്രകാരം നിയമിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) ഈ വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഡ്രൈവർ, കണ്ടക്ടർ തസ്തികകളിൽ എംപാനൽ ജീവനക്കാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ദൈനംദിന സർവ്വീസ് മുക്കം കൂടാതെ നടത്തുന്നതിന് ഇപ്രകാരം താൽക്കാലിക വ്യവസ്ഥയിൽ ഡ്രൈവർമാരേയും കണ്ടക്ടർമാരേയും നിയോഗിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല. 2009-ലെ ശമ്പളപരിഷ്കരണ കരാറിലെ വ്യവസ്ഥകൾപ്രകാരം 8 വർഷം സേവനകാലം പൂർത്തിയാക്കിയവരെ സ്ഥിരപ്പെടുത്തുന്നകാര്യം മാത്രമെ പരിഗണനയിലുള്ളൂ.

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഇത്തരത്തിൽ താൽക്കാലിക നിയമനം നടത്തേണ്ടിവരുന്നു.

കെ.എസ്.ആർ.ടി.സി.-യിലെ പി.എസ്.സി. നിയമനം

157(607) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി. മുഖാന്തിരം ഏതൊക്കെ തസ്തികകളിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെഎസ്ആർടിസി-യിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം എത്രയായിരുന്നു എന്നും ഇപ്പോൾ എത്ര സ്ഥിരം ജീവനക്കാർ ഉണ്ട് എന്നും അറിയിക്കുമോ ;

(സി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ഡി) എത്രപേർക്ക് ഏതൊക്കെ തസ്തികകളിൽ പ്രൊമോഷൻ നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പി.എസ്.സി. നിയമന വിവരം :

ജോലിയിൽ പ്രവേശിച്ചവർ

കണ്ടക്ടർ	-	5054
ഡ്രൈവർ	-	6502
ജൂനിയർ അസിസ്റ്റന്റ്	-	772
പ്യൂൺ	-	68
വർക്ക് അസിസ്റ്റന്റ് (മെക്ക. II ഗ്രേഡ്)	-	2343
ഗാർഡ്	-	202
ആകെ		14941

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly